# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 976** 28.04.2017-ന് മറുപടിയ്ക്ക്

## ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ അതിന്റെ നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ സ്ഥല ഉടമകളിൽ നിന്നുള്ള പരാതിയും ആയതിനോടനുബന്ധമായ LAR കേസുകളും, അർത്ഥനാധികാരിയിൽ നിന്നും യഥാസമയം ഫണ്ട് ലഭ്യമാകാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു കാരണം പല പദ്ധതികളും വർഷങ്ങളോളം പൂർത്തിയാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിലെ നഷ്ടപരിഹാരം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ തലത്തിൽ സ്റ്റാറ്റ്യൂട്ടറി അധികാരത്തോടെയുള്ള സമിതികൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിലെ നഷ്ടപരിഹാരം പുനരധിവാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊന്നുംവില നിയമപ്രകാരം അധികാരപ്പെട്ട Administrator (R&R) എല്ലാ ജില്ലകളിലും നിലവിലുണ്ട്. കൂടാതെ, സർക്കാർ നയപ്രകാരമോ, നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേനയോ സ്ഥലം ഏറ്റെടുക്കുമ്പോൾ വില നിശ്ചയിക്കുന്നതിനും Statutory അധികാരത്തോടെയുള്ള DLFC യും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ